**കേരള സർക്കാർ**
**പൊതുഭരണ (ഏകോപനം) വകുപ്പ്**

നം:സിഡിഎൻ5/14/2017/പൊഭവ 7841C തിരുവനന്തപുരം, തീയതി: 14.02.2017

**സർക്കുലർ**

വിഷയം:- പൊതുഭരണ വകുപ്പ് - വിവരാവകാശ നിയമം 2005 - സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ/ അപ്പീൽ അധികാരി എന്നിവരുടെ പേര്, സ്ഥാനനാമം എന്നിവ സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നത്- സംബന്ധിച്ച്

സൂചന:- 1) 30.10.2006-ലെ 77000/സിഡിഎൻ5/06/പൊഭവ നമ്പർ സർക്കുലർ
2) 23.01.2017-ലെ നം.379/SIC-G5/2017 എന്ന നമ്പരിലുള്ള സെക്രട്ടറി, വിവരാവകാശ കമ്മീഷനിൽ നിന്നുള്ള കത്ത്.

08 MAR 2017 THIRUVANANTHAPURAM

വിവരാവകാശ നിയമം ബാധകമാക്കിയിട്ടുള്ള കേരള സംസ്ഥാനത്തിലെ എല്ലാ സ്ഥാപനങ്ങളും ആ സ്ഥാപനങ്ങളുടെ കീഴിൽ വരുന്ന എല്ലാ ഓഫീസുകളിലെയും സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ/ അപ്പീൽ അധികാരി എന്നിവരുടെ പേര്, ഉദ്യോഗപ്പേര്, ഫോൺ നമ്പർ എന്നിവ നിശ്ചിത മാതൃകയിൽ അതാത് ഓഫീസുകളിൽ എഴുതി പ്രസിദ്ധീകരിക്കണമെന്നും ബന്ധപ്പെട്ട സർക്കാർ വെബ്സൈറ്റുകളിൽ പ്രസിദ്ധീകരിക്കണമെന്നും കാലാകാലങ്ങളിൽ ഇതു സംബന്ധിച്ച വിവരങ്ങൾ പുതുക്കി പ്രസിദ്ധീകരിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകൾ ശ്രദ്ധ പതിപ്പിക്കണമെന്നും സൂചനയിലെ സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിരുന്നു. എന്നാൽ പബ്ലിക് ഇൻഫർമേഷൻ ഓഫീസർ/ അപ്പീൽ അധികാരി എന്നിവർക്ക് മാറ്റം ഉണ്ടാകുമ്പോൾ തദനുസൃതമായി വകുപ്പുകളുടെ വെബ്സൈറ്റുകളിൽ മാറ്റങ്ങൾ വരുത്താത്തതിനാൽ പൊതുജനങ്ങൾക്ക് ബുദ്ധിമുട്ട് ഉണ്ടാകുന്നതായി സംസ്ഥാന വിവരാവകാശ കമ്മീഷൻ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിരിക്കുന്നു. ആയതിനാൽ ബന്ധപ്പെട്ട സർക്കാർ വെബ്സൈറ്റുകളിൽ പരസ്യപ്പെടുത്തിയിട്ടുള്ള സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ/ അപ്പീൽ അധികാരി എന്നിവർക്ക് മാറ്റങ്ങളുണ്ടാകുമ്പോൾ പ്രസ്തുത വിവരം താമസം വിനാ വെബ്സൈറ്റിൽ നിർബന്ധമായും അപ് ലോഡ് ചെയ്തിരിക്കണമെന്ന് ഇതിനാൽ നിഷ്കർഷിക്കുന്നു. എല്ലാ വകുപ്പ് മേധാവികളും, ജില്ലാ കളക്ടർമാരും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും പൊതുമേഖലാ സ്ഥാപനങ്ങളും, യൂണിവേഴ്സിറ്റികളും ഉൾപ്പെടെയുള്ള സ്വയംഭരണ സ്ഥാപനങ്ങളും, പൊതു അധികാരിയുടെ നിർവ്വചനത്തിൽ വരുന്ന മറ്റ് എല്ലാ സ്ഥാപനങ്ങളും സംഘടനകളും ബന്ധപ്പെട്ട വെബ്സൈറ്റുകളിൽ പരസ്യപ്പെടുത്തിയിട്ടുള്ള സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ/ അപ്പീൽ അധികാരി സംബന്ധിച്ച വിവരങ്ങൾ കാലാകാലങ്ങളിൽ പുതുക്കി പ്രസിദ്ധീകരിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തണമെന്നുകൂടി നിർദ്ദേശിക്കുന്നു.

**ഷീല തോമസ്**
അഡീഷണൽ ചീഫ് സെക്രട്ടറി

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറി/പ്രിൻസിപ്പൽ സെക്രട്ടറി/സെക്രട്ടറി/സ്പെഷ്യൽ സെക്രട്ടറി
സെക്രട്ടേറിയറ്റിലെ ധനകാര്യം, നിയമം ഉൾപ്പെടെ എല്ലാ വകുപ്പുകൾക്കും
എല്ലാ വകുപ്പ് തലവന്മാർക്കും
എല്ലാ ജില്ലാ കലക്ടർമാർക്കും
എല്ലാ പൊതുമേഖലാ സ്ഥാപനങ്ങൾക്കും
എല്ലാ സ്വയംഭരണ സ്ഥാപനങ്ങൾക്കും
എല്ലാ യൂണിവേഴ്സിറ്റികൾക്കും
സെക്രട്ടറി, സംസ്ഥാന വിവരാവകാശ കമ്മീഷൻ, തിരുവനന്തപുരം
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്
- (മാധ്യമങ്ങളിലൂടെ വ്യാപകമായ പ്രചാരണം നൽകുന്നതിനായി)
വെബ് ആന്റ് ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്,
ഗവൺമെന്റ് സെക്രട്ടറിയേറ്റ്
(ഗവൺമെന്റ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Endt.on A5/12163/10 dated 09.05.2017

എല്ലാ സ്ഥാപന മേധാവികൾക്കും
T.A ഡയറക്ടറേറ്റ്
JAAT ഡയറക്ടറേറ്റ്
JAAT(C) ഡയറക്ടറേറ്റ്

(തുടർ നടപടികൾക്കായി)

ട്രെയിനിംഗ് ഡയറക്ടർക്കുവേണ്ടി

: 16.05.2017